പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3454 21.12.2012 - ൽ മറുപടിക്ക്

## വിദ്യാലയങ്ങളിൽ ജന്തുക്ഷേമ ക്ലബ്ബുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.അച്ചുതൻ:<br>ശ്രീ.പി.എ.മാധവൻ:<br>ശ്രീ.എം.എ.വാഹീദ്:<br>ശ്രീ.ലൂഡി ലൂയിസ്: | | ശ്രീ. കെ.പി . മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ജന്തുക്ഷേമ ക്ലബ്ബുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>വിജ്ഞാന വ്യാപനവും, പരിശീലനവും പദ്ധതി നടപ്പാക്കുന്ന സ്കൂളികളിൽ അനിമൽ വെൽഫെയർ ക്ലബ്ബുകൾ വളരെ ഫലപ്രദമാകുമെന്ന് കണ്ട് 2011 - 2012 വർഷം 140 ജന്തുക്ഷേമ ക്ലബ്ബുകൾ 140 മണ്ഡലങ്ങളിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുകയുണ്ടായി. വിജ്ഞാന വ്യാപനവും പരിശീലനവും പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ച ഉടനെ തന്നെ 100 ജന്തു ക്ഷേമ ക്ലബ്ബുകൾക്കായി 20 ലക്ഷം രൂപയാണ് വകമാറ്റിയത്. ഒരു യൂണിറ്റിന് 20,000/- രൂപ നിരക്കിൽ നൽകുകയുണ്ടായി. കൂടാതെ 40 അധിക സ്കൂളുകൾക്ക് കൂടി ജന്തുക്ഷേമ ക്ലബ്ബുകൾ നടപ്പിലാക്കാൻ 8 ലക്ഷം രൂപ പബ്ലിസിറ്റി ഓഫ് എക്സ്റ്റൻഷൻ പ്രോഗ്രാമിന് അനുവദിച്ച 30 ലക്ഷം രൂപയിൽ നിന്നും കണ്ടെത്തി. ആകെ 28 ലക്ഷം രൂപയ്ക്ക് 140 സ്കൂളുകളിൽ ഒരു യൂണിറ്റിന് 20,000/- രൂപ നിരക്കിൽ ആണ് ജന്തുക്ഷേമ ക്ലബ്ബുകൾ ആരംഭിച്ചത്. |
| (ബി) | വിദ്യാർത്ഥികളിൽ ജന്തു സ്നേഹവും മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ താൽപ്പര്യവും വളർത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ ഉൾക്കൊളളിച്ചിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ക്ലബ്ബുകളുടെ പ്രവർത്തനം തെരഞ്ഞെടുത്ത 140 സ്കൂളുകളിലും വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. ഈ പ്രോഗ്രാം മൃഗസ്നേഹം വളർത്തുന്നതിനും മൃഗപരിപാലനം വഴി കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. തെരഞ്ഞെടുത്ത സ്കൂളുകളിലെ ഓരോ ക്ലബ്ബിനും വളർത്തു മൃഗങ്ങളായ ആട്, കോഴി, മുയൽ എന്നിവ നൽകുകയും ക്ലബ്ബ് അംഗങ്ങളായ കുട്ടികളെ വളർത്താൻ ചുമതലപ്പെടുത്തുകയും |

ചെയ്യുന്നു. ഇതുമൂലം മൃഗസംരക്ഷണ മേഖലയിലേയ്ക്ക് കുട്ടികൾക്കുള്ള താൽപ്പര്യം വളർത്താൻ കഴിഞ്ഞിട്ടുണ്ട്. സൗജന്യമായി ചെറുമൃഗങ്ങളേയും, പക്ഷികളേയും നൽകുമ്പോൾ കൂടുകൾ കൂടി സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി ഇപ്രകാരം നൽകുന്ന മൃഗസംരക്ഷണ ഉപാധികളിൽ നിന്നും ലഭ്യമാകുന്ന സമ്പത്ത് പേരന്റ് ടീച്ചർ അസോസിയേഷനും, ക്ലബ്ബിലെ സജീവ മെമ്പർമാരുമായി ഷെയർ ചെയ്യാനാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ക്വിസ് പ്രോഗ്രാമുകൾ, പെയിന്റിംഗ്, പ്രബന്ധ രചന എന്നീ വിഷയങ്ങളിൽ മത്സരം നടത്തി ഉണർവുണ്ടാക്കുവാനും, സമ്മാന വിതരണം നടത്തി പ്രോത്സാഹനം നൽകുവാനും ഈ പദ്ധതി വിഭാവന ചെയ്യുന്നു. കുട്ടികളെ ഫാം സന്ദർശനങ്ങൾക്കായി കൊണ്ടു പോകുവാനും (എക്സ്പോഷർ വിസിറ്റ്) അതുവഴി മൃഗപരിപാലനത്തിൽ താല്പര്യവും അറിവും വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. 14 ജില്ലകളിലെ 100 സ്കൂളുകളിൽ 2012 - 2013 വർഷം പദ്ധതി നടപ്പിലാക്കാൻ തീരുമാനമായിട്ടുണ്ട്. 7,8,9 ക്ലാസുകളിലെ കുട്ടികളെയാണ് ഈ ക്ലബ്ബുകളിലെ മെമ്പർമാരായി തെരഞ്ഞെടുത്തിട്ടുള്ളത്. മേൽനോട്ടത്തിനായി സ്കൂളിലെ തന്നെ തെരെഞ്ഞെടുത്ത അധ്യാപകനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ പ്രവർത്തിക്കുന്നത്; | (സി) | തെരഞ്ഞെടുത്ത സ്കൂളിലെ പേരന്റ് ടീച്ചർ അസോസിയേഷനും സ്കൂളുകൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്തും, വെറ്ററിനറി സർജനും, പഞ്ചായത്തിലെ ഒരു പ്രതിനിധിയും ആണ് ഈ പദ്ധതി നടത്തിക്കാൻ ചുമതലപ്പെട്ടവർ. ഓരോ ക്ലബ്ബിലും താല്പര്യമുള്ള എല്ലാ കുട്ടികൾക്കും ചേരാവുന്നതും, ഒരധ്യാപകനെ ഇതു നടപ്പാക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ക്ലബ്ബുകളുടെ പ്രവർത്തനത്തിന് ഏതെല്ലാം തരത്തിലുള്ള ധന സഹായമാണ് നൽകുന്നത്; വിശദമാക്കുമോ? | (ഡി) | വളർത്തു മൃഗങ്ങളെയും അവയ്ക്കാവശ്യമായ കൂടുകളും വാങ്ങുന്നതിനും ക്ലബ്ബ് തുടങ്ങുന്നതിനുള്ള ധനസഹായവുമാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ.